"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള അർബൻ കോൺക്ലേവ് - കേരള അർബൻ കോൺക്ലേവ് 2025 എന്ന ആഗോള ഇവന്റിന്റെ സുഗമമായ നടത്തിപ്പിനായി തദ്ദേശദിനാഘോഷത്തിന്റെ ഭാഗമായി നീക്കിയിരിപ്പുള്ള തുകയിൽ നിന്നും 30,00,000/- രൂപ കേരള അർബൻ കോൺക്ലേവ് 2025 ന്റെ നടത്തിപ്പ് ചിലവുകൾക്കായി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി ) വകുപ്പ്**

സ.ഉ.(സാധാ) നം.2139/2025/LSGD തീയതി,തിരുവനന്തപുരം, 29-08-2025

---

പരാമർശം:-

1. 26.06.2025 ലെ സ.ഉ.(സാധാ)1601/2025/തസ്വഭവ നമ്പർ ഉത്തരവ്
2. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2025 ലെ LSGD/PD/11166/2025-DPLA1 നമ്പർ കത്ത് .

**ഉത്തരവ്**

അടിസ്ഥാന മേഖലകളുടെ വികസനത്തിന് ഊന്നൽ നൽകിയും ജനപങ്കാളിത്തം ഉറപ്പാക്കിയും പ്രകൃതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, നീർത്തടവികസനം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങി നിരവധി മേഖലളിൽ അത്ഭുതകരമായ മാറ്റങ്ങൾക്കു തദ്ദേശസ്ഥാപനങ്ങൾ നേതൃത്വം നൽകിവരുന്ന കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവവും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ട് അതീവ സങ്കീർണമായ നഗരവൽകരണ പ്രക്രിയയ്ക്ക് വിധേയമായതും, കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ശക്തമായി അനുഭവിക്കുന്നതുമായ നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാഴ്ചപാടിന് അനുസൃതമായി ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് അടുത്ത 25 വർഷത്തെ വികസനപ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം കേരളത്തിന്റെ നഗരവൽക്കരണവും സർക്കാരിന്റെ നഗരനയവും വിപുലമായ ചർച്ചയ്ക്കു വിധേയമാക്കുന്നതിന് കൊച്ചിയിൽ വച്ച് സെപ്റ്റംബർ 12 & 13 തീയതികളിൽ "കേരള അർബൻ കോൺക്ലേവ് 2025" സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. കേരള അർബൻ കോൺക്ലേവ് 2025 എന്ന ആഗോള ഇവന്റിന്റെ സുഗമമായ നടത്തിപ്പിനായി തദ്ദേശദിനാഘോഷത്തിന്റെ ഭാഗമായി നീക്കിയിരിപ്പുള്ള തുകയിൽ നിന്നും 30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം), കേരള അർബൻ കോൺക്ലേവിന്റെ

നടത്തിപ്പ് ചിലവുകൾക്കായി വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നു പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഈക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശിത ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശദിനാഘോഷത്തിന്റെ ഭാഗമായി നീക്കിയിരിപ്പുള്ള തുകയിൽ നിന്നും 30,00,000/-(മുപ്പത് ലക്ഷം രൂപ മാത്രം),രൂപ കേരള അർബൻ കോൺക്ലേവിന്റെ നടത്തിപ്പ് ചിലവുകൾക്കായി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് 1/ആഡിറ്റ് 2)കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 30-08-2025 10:57:28

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ പി എസിന് .
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്.